## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4803** **22.03.2018 ൽ മറുപടിയ്ക്ക്**

## അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമാണ് അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ. സംസ്ഥാനത്ത് 140 അസംബ്ലി നിയോജകമണ്ഡലത്തിലും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുന്നതാണ്. സംരംഭകരെ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേനയാണ് നടപ്പിലാക്കുന്നത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് ധനസഹായം ലഭ്യമാക്കുന്നതാണ്. |
| (ബി) കൊട്ടാരക്കര മണ്ഡലത്തിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നകാര്യം തീരുമാനമായോ; അതിനായി എത്ര അപേക്ഷകൾ ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ? | (ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അക്ഷയ ഊർജ്ജ സേവനകേന്ദ്രം ആരംഭിക്കുന്നതിന് 20 പേരിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ വെബ് സൈറ്റ് മുഖേനയാണ് സ്വീകരിച്ചത്. അപേക്ഷിച്ചവരിൽ നിന്ന് യോഗ്യതയുള്ള സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂവും സ്ഥല പരിശോധനയും പൂർത്തിയാക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**